# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം
## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 426 28.6.2013-ൽ മറുപടിയ്ക്ക്

## എഫ്.സി.ഐ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഭക്ഷ്യയോഗ്യമല്ലാത്ത അരിയും ഗോതമ്പും കാലിത്തീറ്റയുണ്ടാക്കാൻ നൽകുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എസ്.സുനിൽകമാർ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ.കെ.അജിത്<br>ശ്രീ.വി.ശശി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എഫ്.സി.ഐ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ഭക്ഷ്യയോഗ്യമല്ലാത്ത അരിയും ഗോതമ്പും കാലിത്തീറ്റയുണ്ടാക്കാൻ സംസ്ഥാന മൃഗസംരക്ഷണ വകുപ്പിന് നൽകുന്നതിന് ധാരണയായിട്ടുണ്ടോ; ഉണ്ടെങ്കിൽ സംസ്ഥാനത്തുള്ള ഗോഡൗണുകളിൽ നിന്നും ഇപ്രകാരം എത്രമാത്രം അളവിൽ അരിയും ഗോതമ്പും ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ; | എ) ഉണ്ട്. സംസ്ഥാനത്തെ എഫ്.സി.ഐ. ഗോഡൗണുകളിലുള്ള ഭക്ഷ്യയോഗ്യമല്ലാത്ത അരിയും, ഗോതമ്പും കാലിത്തീറ്റയുണ്ടാക്കാൻ വേണ്ടി സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള ഫീഡ്സ് ലിമിറ്റഡിന് നിർദ്ദിഷ്ട വിലയിൽ (റിസർവ്ഡ് പ്രൈസ്) നൽകണമെന്ന ആവശ്യത്തിന്മേൽ കൃഷി മൃഗസംരക്ഷണവകുപ്പ് മന്ത്രിയുടെ ഡൽഹി സന്ദർശനത്തിൽ കേന്ദ്ര ഭക്ഷ്യപൊതുവിതരണ മന്ത്രിക്കു നിവേദനം സമർപ്പിക്കുകയുണ്ടായി. തുടർന്ന് ഇരു മന്ത്രിമാരും ഉദ്യോഗസ്ഥരുമായും ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ ഭക്ഷ്യയോഗ്യമല്ലാത്ത അരിയും ഗോതമ്പും കാലിത്തീറ്റ നിർമ്മാണത്തിനായി കേരള ഫീഡ്സിൽ അനുവദിക്കുവാൻ ധാരണയായിട്ടുണ്ട്. കേരള ഫീഡ്സിലെ ക്വാളിറ്റി വിഭാഗം ഉദ്യോഗസ്ഥർ പ്രസ്തുത എഫ്.സി.ഐ ഗോഡൗണുകൾ സന്ദർശിക്കുകയും, ക്വാളിറ്റി ടെസ്റ്റ് നടത്തുകയും കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുന്നതിന് യോഗ്യമായ അരി എടുക്കുന്നതിന് നടപടി ആരംഭിക്കുകയും ചെയ്തു. കേരള ഫീഡ്സിന് എഫ്.സി.ഐയിൽ നിന്നും അരിയും ഗോതമ്പും നൽകുന്നതിനുള്ള സംവിധാനം തുടരുവാനും |

ധാരണയായിട്ടുണ്ട്.

ആയതിൻപ്രകാരം ആദ്യഘട്ടമായി കേരളത്തിലെ എഫ്.സി.ഐ ഗോഡൗണുകളിൽ ആകെ 189 ടൺ ഭക്ഷ്യയോഗ്യമല്ലാത്ത അരിയും ഗോതമ്പും ഉള്ള വിവരം കേരള ഫീഡ്സിനെ എഫ്.സി.ഐ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

ബി) ഇവ ഉപയോഗിച്ച് നിർമ്മിക്കുന്ന കാലിത്തീറ്റ എപ്പോൾ മുതൽ വിപണിയിലെത്തുമെന്ന് വ്യക്തമാക്കുമോ;

ബി) ഇതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ

സി) ക്ഷീര കർഷകർക്ക് കുറഞ്ഞ നിരക്കിൽ കാലിത്തീറ്റ എത്തിച്ചു കൊടുക്കുന്നതിന് എന്തെങ്കിലും പദ്ധതികളുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

സി) കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള കാലിത്തീറ്റ ന്യായമായ വിലയ്ക്ക് കാലതാമസം കൂടാതെ ലഭിക്കുന്നതിന് കേരള ഫീഡ്സ് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഒരു ഫാക്ടറിയിൽ നിന്നു കൂടി ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്. 2013 ജൂലൈയോടുകൂടി പ്രതിദിനം ഉൽപ്പാദനം 1000 എം.റ്റി ആക്കി മാറ്റും. ഇപ്പോൾ 900 എം.റ്റി കാലിത്തീറ്റ പ്രതിദിനം വിപണിയിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കാലിത്തീറ്റ ഉൽപ്പാദനത്തിനു ഉപയോഗിക്കുന്ന എല്ലാ അസംസ്കൃതവസ്തുക്കളുടെയും വൈദ്യുതിയുടെയും ഡീസലിന്റെയും വിലയിൽ അഭൂതപൂർവ്വമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ കേരള ഫീഡ്സ് 2012 ഡിസംബറിനുശേഷം കാലിത്തീറ്റ വില വർദ്ധിപ്പിച്ചിട്ടില്ല.

ക്ഷീരകർഷകർക്ക് അവർ സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പാക്കി വരുന്നുണ്ട്. ഈ പദ്ധതിക്കായി 6 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്.

മിൽമയുടെ മേഖലായൂണിയനുകളുടെ പ്രവർത്തന ഫണ്ടിൽ നിന്നും കാലിത്തീറയ്ക്ക് സബ്സിഡി

നൽകുന്നുണ്ട്. ആയത് മിൽമ കാലിത്തീറ്റയുടെ വിലയിൽ നേരിട്ട് സബ്സിഡിയായും പാൽ വിലയിൽ ഇൻസെന്റീവായും നൽകി വരുന്നു.

മിൽമയുടെ തിരുവനന്തപുരം മേഖലായൂണിയൻ 1.11.2012 മുതൽ ചാക്കൊന്നിന് 200 രൂപയും 1.1.2013 മുതൽ 300 രൂപയും കാലിത്തീറ്റ സബ്സിഡിയായി നൽകുന്നുണ്ട്. 50 കിലോ കാലിത്തീറ്റചാക്കൊന്നിന് 200 രൂപ ക്രമത്തിൽ മലബാർ മേഖല യൂണിയൻ സബ്സിഡി നൽകി വരുന്നു.

എറണാകുളം മേഖലായൂണിയൻ കാലിത്തീറ്റ സബ്സിഡി നൽകുന്നതിനായി 2012-13 വർഷത്തിൽ അഞ്ചു കോടി രൂപ നീക്കി വച്ചിരുന്നു. അസംസ്കൃത പദാർത്ഥങ്ങൾക്കും മറ്റും ലഭ്യതകുറവുണ്ടായിട്ടും കർഷകർക്ക് നൽകേണ്ട കാലിത്തീറ്റക്ക് കുറവ് വരാതിരിക്കാൻ അന്യസംസ്ഥാനങ്ങളിൽ നിന്നും മിൽമ നേരിട്ട് മിൽമയുടെ കാലിത്തീറ്റ ഫോർമുലേഷൻ പ്രകാരവും മിൽമയുടെ നേരിട്ടുള്ള മേൽനോട്ടത്തിലും കാലിത്തീറ്റ ഉല്പ്പാദിപ്പിച്ച് ക്ഷീരകർഷകർക്ക് നൽകി വരുന്നു.

Seele

സെക്ഷൻ ഓഫീസർ